LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലൈ 11, തിങ്കൾ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2005 ജൂലൈ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ: ഓർഡർ ..... ഓർഡർ .....

ചോദ്യം നമ്പർ 105

എയിഡഡ് സ്കൂളുകളിൽ +2 പ്രവേശനത്തിന് പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണം

*1 [105] *ഡോ. എം. എ. കുട്ടപ്പൻ:*

ശ്രീ. സി. പി. മുഹമ്മദ്:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് സ്കൂളുകളിൽ +2 പ്രവേശനത്തിന് പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) പ്രീഡിഗ്രി പ്രവേശനത്തിന് എയിഡഡ് കോളേജുകളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചിരുന്നോ;

(സി) +2 പ്രവേശനത്തിന് പിന്നോക്ക വിഭാഗങ്ങൾക്ക് എയിഡഡ് സ്കൂളുകളിൽ സംവരണമില്ലാത്തപക്ഷം പ്രസ്തുത കോഴ്സിന് സംവരണം അനുവദിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ,

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഹയർ സെക്കന്ററി കോഴ്സ് സംസ്ഥാനത്ത് ആരംഭിച്ച 1991-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം എയിഡഡ് സ്കൂളുകളിൽ പ്ലസ്വൺ ക്ലാസിൽ പ്രവേശനത്തിന് 10 ശതമാനവും ന്യൂനപക്ഷ പിന്നോക്ക വിഭാഗ മാനേജ്മെന്റ് എയിഡഡ് സ്കൂളുകളിൽ 20 ശതമാനവും "കമ്മ്യൂണിറ്റി കോട്ട" അനുവദിച്ചിരുന്നു എന്നാൽ 6-2-2003, 7-4-2003 എന്നീ തീയതികളിൽ ഇതുമായി ബന്ധപ്പെട്ട് ഉണ്ടായ ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി കോട്ട എന്നത് റദ്ദുചെയ്തു ഇത് മാനേജ്മെന്റ് കോട്ടയോടൊപ്പം ചേർക്കുകയാണ് ചെയ്തത്. എന്നാൽ 4-7-2005-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവനുസരിച്ച് ന്യൂനപക്ഷ പിന്നോക്ക വിഭാഗ മാനേജ്മെന്റ് സ്കൂളുകൾക്ക് അനുവദിച്ചിരുന്ന 40 ശതമാനം സീറ്റുകളിൽ 20 ശതമാനം സീറ്റുകൾ ബന്ധപ്പെട്ട ന്യൂനപക്ഷ പിന്നോക്ക വിഭാഗത്തിനും ബാക്കി 20 ശതമാനം സീറ്റുകൾ മാനേജ്മെന്റ് കോട്ടയായും നിശ്ചയിച്ചിട്ടുണ്ട്.

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇവിടെ ചോദ്യം (എ)-യ്ക്കും (ബി)-യ്ക്കും 'ഇല്ല' എന്നാണ് ഉത്തരം പറഞ്ഞിരിക്കുന്നത്. പിന്നോക്ക സംവരണം പ്ലസ് ടു പ്രവേശനത്തിന് ഇല്ല എന്നാണ് അറിയിച്ചിരിക്കുന്നത്. അതേസമയത്ത് ഇപ്പോഴത്തെ ഉത്തരവുപ്രകാരം ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്ക് 20 ശതമാനവും മാനേജ്മെന്റിന് 20 ശതമാനവും കൊടുത്തിരിക്കുകയാണ്. അത് മുന്നോക്ക വിഭാഗമാണെങ്കിൽ 30 ശതമാനം കോട്ട കൊടുത്തിരിക്കുകയാണ്. പിന്നോക്ക മാനേജ്മെന്റാണെങ്കിൽ 30 ശതമാനം കൊടുത്തിരിക്കുകയാണ്. ഇവിടെ ചോദ്യം പിന്നോക്ക സംവരണത്തിൽപ്പെട്ട കുട്ടികളുടെ സംവരണ കോട്ടയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഇവിടെ മാനേജ്മെന്റ് കോട്ടയാണ് വന്നിരിക്കുന്നത്. ഇതിൽ നൽകുന്നത് മാനേജ്മെന്റ് കോട്ടയാണ്. ഭരണഘടനയിൽ ഇന്നും മാനേജ്മെന്റ് കോട്ട പറഞ്ഞിട്ടില്ല. അതുകൊണ്ട് ദയവായി ഗവൺമെന്റ്, പ്ലസ്ടുവിൽ ഉള്ളതുപോലെതന്നെ 50 ശതമാനം മെറിറ്റും 50 ശതമാനം റിസർവേഷനും ആക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കണം. അതായത് എസ്.സി/എസ്.ടി.ക്ക് 20 ശതമാനം ഒഴിവ്, ഈഴവയ്ക്ക് 8 ശതമാനം, മുസ്ലീമിന് 7 ശതമാനം, ഒ.ബി.സി. ഹിന്ദുവിന് 3 ശതമാനം, ലാറ്റിൻ കാത്തലിക് 1 ശതമാനം. ഗവൺമെന്റിനും

LIBRARY ARCHIVES Kerala Legislative Assembly

എയിഡഡിനും സർക്കാർ ആണ് ശമ്പളം കൊടുക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് സ്കൂളുകളിലുള്ള അതേ പാറ്റേൺ എയിഡഡ് പ്രൈവറ്റിനും കൊടുക്കുന്നതിന് ഗവൺമെന്റ് ഉത്തരവിറക്കാൻ സന്നദ്ധമാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഡോ. എം. എ. കുട്ടപ്പൻ ഇവിടെ പറഞ്ഞതുപോലെ ഇപ്പോൾ ഈ സംവരണത്തോത് ഗവൺമെന്റ് സ്കൂളുകളിലുണ്ട്. അത് കഴിഞ്ഞ പ്രാവശ്യമാണ് ഇൻട്രഡ്യൂസ് ചെയ്തത്. അതിനുമുമ്പ് ഉണ്ടായിരുന്നില്ല. കഴിഞ്ഞ വർഷം മുമ്പ് ഗവൺമെന്റ് സെക്ടറിൽ പിന്നോക്ക വിഭാഗത്തിന്റെയൊക്കെ റൊട്ടേഷൻ പ്രകാരമുള്ള സംവരണം നിലനിൽക്കുന്നുണ്ട്. അത് ഗവൺമെന്റ് സ്കൂളുകൾക്ക് പുറമേ പ്രൈവറ്റ് സ്കൂളുകളിൽക്കൂടി വ്യാപിപ്പിക്കുന്ന കാര്യം നയപരമായി പ്രധാനപ്പെട്ട ഒരു സംഗതിയാണ്. അത് ഈ ഘട്ടത്തിൽ തീർത്തുപറയാൻ പറ്റില്ല. ബന്ധപ്പെട്ട എല്ലാവരുമായിട്ട് വിശദമായ ചർച്ചയ്ക്കുശേഷം മാത്രമേ ഈ കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

ഡോ. എം. എ. കുട്ടപ്പൻ: എയിഡഡ് സ്കൂളുകളിലും ഗവൺമെന്റ് സ്കൂളുകളിലും എസ്.സി/എസ്.ടി.ക്ക് 20 ശതമാനം ഉണ്ടെങ്കിൽപ്പോലും ഗവൺമെന്റ് സ്കൂളുകൾ ഒഴിച്ചാൽ എയിഡഡ് സ്കൂളുകൾ ഇത് പാലിക്കപ്പെടുന്നില്ല എന്നുള്ള വ്യാപകമായ പരാതിയുണ്ട്. നല്ല ഗ്രൂപ്പിന് അഡ്മിഷൻ കൊടുക്കാതിരിക്കുക അല്ലെങ്കിൽ ആവശ്യമായ അപേക്ഷ ഇല്ലെന്നുപറയുക തുടങ്ങിയ മുടന്തൻ ന്യായങ്ങളുണ്ട്. അതുകൊണ്ട് ഇപ്പോൾ അനുവദിച്ചിട്ടുള്ള എസ്.സി/എസ്.ടി.ക്ക് 20 ശതമാനം (12+8) കൃത്യമായി കൊടുക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ കാര്യത്തിൽ ഇവിടെ ചില പരാതികൾ കിട്ടിയിട്ടുണ്ട്. അതായത് ഈ സംവരണതത്ത്വം മാനേജ്മെന്റ് സ്കൂളുകളിൽ ചിലയിടത്ത് പാലിക്കുന്നില്ല; ഡോ. എം. എ. കുട്ടപ്പൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അവരുടെ ചോയ്സ് അനുസരിച്ചുള്ള കോഴ്സുകൾക്ക് പ്രവേശനം കൊടുക്കുന്നില്ല എന്നുള്ള പരാതി വന്നിട്ടുണ്ട്. ഗവൺമെന്റ് ആ കാര്യത്തിൽ വളരെ കർക്കശമായ ചില പരിശോധനകൾ നടത്താൻ പോവുകയാണ്. ആ പരാതിയുടെ അടിസ്ഥാനത്തിൽ ഞങ്ങൾ ചില സ്ക്വാഡുകൾതന്നെ ഉണ്ടാക്കി ചില സ്കൂളുകളിൽ മിന്നൽ പരിശോധന നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അഡ്മിഷൻ കഴിഞ്ഞ് ഇന്ന് ക്ലാസ് ആരംഭിക്കുകയാണ്. ഈ പറയുന്ന തത്ത്വത്തിന് വിരുദ്ധമായി മാനേജ്മെന്റുകൾ പ്രവർത്തിച്ചിട്ടുണ്ടോ എന്ന് അറിയാൻവേണ്ടി റാന്റം ചെക്കിംഗ് നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. മറ്റൊരു സംഗതി എന്നു പറയുന്നത്, ഈ ഘട്ടത്തിൽ ശരിക്ക് ടി.ടി.സി.യുടെയൊക്കെ കാര്യത്തിൽ ചെയ്യുന്നതുപോലെ മെരിറ്റിലേക്കുള്ള സെലക്ഷൻ സെൻട്രലൈസ്ഡ് ആയിട്ട് ചെയ്യാൻ പറ്റുമോ എന്ന കാര്യവും അതിന്റെ നിയമവശവുംകൂടി കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: സർ, ഇത്രയും കാലമായിട്ടും വിദ്യാഭ്യാസ പ്രവേശനത്തിൽ സംവരണത്തിന്റെ കാര്യത്തിൽ ഒരു ഏകീകൃത മാനദണ്ഡം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് നൽകുന്ന സംവരണം എന്തുകൊണ്ട് ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്നില്ല എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സംവരണം എന്നു പറയുന്നത് പ്രൊഫഷണൽ കോഴ്സുകൾക്കു മാത്രം ബാധകമായതാണ്. അതുകൊണ്ടാണ് പ്രൊഫഷണൽ കോഴ്സ് അല്ലാത്തിടത്തൊക്കെ വ്യാപിപ്പിക്കാൻ സാധിക്കാത്തത്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സംവരണം ഇവിടെ കൊണ്ടുവരാൻ നിയമപരമായി സാദ്ധ്യമാകില്ല. അതേസമയത്ത് ഞാൻ നേരത്തെ മറുപടി പറഞ്ഞതുപോലെ ഗവൺമെന്റ് സ്കൂളുകളിൽ ഇന്നുള്ള സംവരണം ഇങ്ങോട്ട് കൊണ്ടുവരാൻ പറ്റുമോ എന്ന് നോക്കാം. മാത്രമല്ല, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഇപ്പോൾ ഒരു സംവരണം ഉണ്ട്. ആ സംവരണമെന്നു പറയുന്നത് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമല്ല, കേരളത്തിലേക്ക് പ്രത്യേകമായിട്ട് കൊണ്ടുവന്ന ഒരു സംവരണത്തോതാണത്. ആ തോത് ഇങ്ങോട്ട് വ്യാപിപ്പിക്കാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മാനേജ്മെന്റ് ക്വോട്ടയിൽ 20 ശതമാനം സംവരണത്തിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു എന്ന് വ്യക്തമാക്കി. അത് ശരിയായ വിധത്തിൽ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വല്ല സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഗവൺമെന്റ് സംവരണം ഏർപ്പെടുത്തിയിട്ടില്ല. സംവരണം ഏർപ്പെടുത്തണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ വിദ്യാഭ്യാസവകുപ്പിൽ നിന്നുംതന്നെ ചില സ്ക്വാഡുകൾ അഡ്മിഷൻ നടന്ന സ്ഥലങ്ങളിൽ പോയി പരിശോധിക്കുകയും അഡ്മിഷൻ ക്രമപ്രകാരംതന്നെയാണോ ചെയ്തത് എന്ന് നോക്കുകയും ചെയ്യുന്നതാണ്. അത് ലംഘിച്ചുകൊണ്ട് ഏതെങ്കിലും മാനേജ്മെന്റ് പോവുകയാണെങ്കിൽ തീർച്ചയായിട്ടും അത്തരം മാനേജ്മെന്റുകളുടെ പേരിൽ നടപടിയെടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, റെക്കഗ്നൈസ്ഡ് അൺ എയിഡഡ് സ്കൂളുകൾ ബഹുഭൂരിപക്ഷവും നടത്തുന്നത്, മുന്നോക്ക വിഭാഗത്തിലെ പ്രസ്ഥാനങ്ങളും ബന്ധപ്പെട്ടവരുമാണ്. അതുകൊണ്ട് അൺ എയിഡഡ് സ്കൂളുകളിലെപ്പോലെ

LIBRARY ARCHIVES Kerala Legislative Assembly

റെക്കഗ്നൈസ്ഡ് അൺ എയിഡഡ് സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്നതിന് ഗവൺമെന്റ് വ്യവസ്ഥ വച്ചാൽ കോടതിയും മറ്റു പ്രശ്നങ്ങളും ഉണ്ടാവുകയില്ല, ഈ അംഗീകാരം കൊടുക്കുമ്പോൾത്തന്നെ ആനുകൂല്യം കൊടുക്കാനുള്ള വ്യവസ്ഥകൾകൂടി നിശ്ചയിച്ചുകൊണ്ട് അംഗീകാരം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അത് പറയാൻ ഒക്കില്ല, കാരണം, അത് വിശദമായ പരിശോധനയ്ക്കുവിധേയമായി ചെയ്യേണ്ട കാര്യമാണ്. അൺ എയിഡഡ് സ്കൂളുകളിൽ, ഈ സംവരണം അവരുടെ മേൽ ഏൽപ്പിക്കാൻ സാധിക്കുമോ എന്ന കാര്യം വിശദമായ ഒരു നിയമപരിശോധനയ്ക്കുശേഷമല്ലാതെ പറയാൻ കഴിയില്ല.

ശ്രീ. എം. എ. വാഹീദ്: സർ, ന്യൂനപക്ഷ പിന്നോക്ക വിഭാഗ മാനേജ്മെന്റ് സ്കൂളുകളിൽ 20 ശതമാനം ന്യൂനപക്ഷ പിന്നോക്ക വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുണ്ട് എന്ന് പറയുന്നു. മിക്കവാറുമുള്ള എല്ലാ എയിഡഡ് സ്കൂളുകളിലും മെരിറ്റ് സീറ്റിൽ വരെ ഡൊണേഷൻ വാങ്ങിച്ചിട്ട് അഡ്മിറ്റ് ചെയ്യുന്ന ഒരുപാട് വിദ്യാലയങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് വിദ്യാലയങ്ങൾ ഇപ്പോൾ സമരത്തിന്റെ ഭീഷണിയിലാണ്. അവിടെ അഡ്മിഷൻ നടക്കാത്ത സ്ഥിതിവിശേഷം വന്നിട്ടുണ്ട്. മെരിറ്റ് ലിസ്റ്റിൽ ഇടാതെതന്നെ 'മെരിറ്റ് ലിസ്റ്റ്' എന്നു പറഞ്ഞുകൊണ്ട്, ന്യൂനപക്ഷ കമ്മ്യൂണിറ്റി കോട്ടയിലും അതേപോലെ തന്നെ മെരിറ്റ് കോട്ടയിലും വിദ്യാർത്ഥികളിൽനിന്നും ഏജന്റുമാരെവച്ച് പണം നിർബന്ധിച്ച് വാങ്ങത്തക്ക രീതിയിലുള്ള സംവിധാനം നടത്തുന്നു. എന്റെ നിയോജകമണ്ഡലത്തിൽ തുണ്ടത്തിൽ മാധവവിലാസം സ്കൂളിൽ അഡ്മിഷൻ നടത്താൻ സമ്മതിക്കാതെ നാട്ടുകാർ തടഞ്ഞുവച്ചിരിക്കുകയാണ്. കണിയാപുരം മുസ്ലീം ഹൈസ്കൂളിലും ഇതേപോലെയാണ്. അതിന് എന്തെങ്കിലും വ്യക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? കഴിഞ്ഞ മൂന്നുനാല് വർഷമായി ഇത്തരത്തിൽ മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ വിദ്യാർത്ഥികളിൽനിന്നും പതിനായിരവും പതിനയ്യായിരവും വീതം കോഴ വാങ്ങിക്കൊണ്ട് അഡ്മിറ്റ് ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. കഴിഞ്ഞ മൂന്നുനാല് വർഷത്തെ അഡ്മിഷൻ പരിശോധിക്കാനും അതിന് ആവശ്യമായ ശിക്ഷാനടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അങ്ങനെയുള്ള പരാതികൾ കൂടിക്കൊണ്ടിരിക്കുകയാണ്. മെരിറ്റിലുള്ള സീറ്റിൽപ്പോലും ചില മാനേജ്മെന്റുകൾ കാശ് വാങ്ങിച്ച് മെരിറ്റിനെ അവഗണിക്കുന്നതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഈ നടത്തിയിട്ടുള്ള അഡ്മിഷൻതന്നെ രണ്ടാമത് പരിശോധനയ്ക്ക് വിധേയമാക്കുന്നത്. അങ്ങനെയാണെങ്കിൽ അവർക്ക് അതിൽ പേടി ഉണ്ടാകും. അത് ചെയ്യാനാണ് ഗവൺമെന്റ് വിചാരിക്കുന്നത്. പിന്നെ മറ്റൊരു കാര്യം, സറായിയായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരിഹാരം എന്ന് പറയുന്നത് ബി.എഡ്.-ന്റെ കാര്യത്തിലും ടി.ടി.സി.-യുടെ കാര്യത്തിലും ചെയ്യുന്നതുപോലെ വ്യക്തമായിട്ടുള്ള മെരിറ്റ് സീറ്റിലേക്ക് സെലക്ഷൻ ഇവിടെനിന്നും അലോട്ട് ചെയ്യാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. അങ്ങനെ പരിശോധിക്കാൻ സാധിക്കുകയാണെങ്കിൽ ഈ പരിപാടികളൊക്കെ പരിഹരിക്കാൻ കഴിയും. ഏതായാലും ഈ കൊല്ലത്തെ നടപടി എന്ന നിലയിൽ അഡ്മിഷൻ കഴിഞ്ഞ് ക്ലാസ് ഇന്ന് ആരംഭിക്കുന്നു. ഏതാനും സെലക്ട് ചെയ്യപ്പെട്ട സ്കൂളുകളിൽ ഗവൺമെന്റ് ചെക്കിംഗ് നടത്തുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാന്യനായ കുട്ടപ്പൻ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ പ്രസക്തമാണ്. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലുള്ള സംവരണതത്ത്വം പാടെ ഹയർ സെക്കന്ററി എയിഡഡ് മേഖലയിലേക്ക് വ്യാപിപ്പിക്കണമെന്നുള്ളത് കൂടുതൽ ചർച്ച ചെയ്യണമെന്നാണ് മന്ത്രി പറയുന്നത്, എങ്കിൽ ഞങ്ങൾക്ക് ശ്രീ. കുട്ടപ്പന്റെ നിർദ്ദേശത്തോട് പൂർണ്ണമായി യോജിപ്പാണ്. ഇവിടെ പ്രശ്നം പ്രീഡിഗ്രി കോളേജിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്ന കാലത്ത് 80 ശതമാനം സീറ്റ് മെരിറ്റായിരുന്നു. അന്ന് വിദ്യാർത്ഥികൾക്ക് സംവരണതത്ത്വ പ്രകാരം കിട്ടിയ അത്രയും ശതമാനം ആനുകൂല്യം ഇപ്പോൾ കിട്ടുന്നില്ല. അത് പരിഹരിക്കുന്നതിനുവേണ്ടി എന്ത് നിർദ്ദേശമാണ് ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത്? ഇപ്പോൾ എയിഡഡ് സ്കൂളുകളിൽ വൻതോതിൽ കോഴ വാങ്ങിക്കൊണ്ടാണ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത് എന്ന് മനസ്സിലാക്കി പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് ഇത്തരം സ്കൂളുകളിൽ കയറിപ്പറ്റാൻ സാധിക്കാത്ത സ്ഥിതി വരുന്നുണ്ട് എന്നുള്ളതുകൂടി പരിശോധിച്ചുകൊണ്ട് ഒരു തീരുമാനം എടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഗവൺമെന്റ് തീരുമാനമെടുത്തത് ശ്രീ. കോടിയേരിക്കറിയാമായിരിക്കും. ഇവിടെ പ്ലസ്ടു വന്നതിനുശേഷം സംവരണമേ ഉണ്ടായിരുന്നില്ല, സംവരണം പ്ലസ്ടുവിൽ ഗവൺമെന്റ് സെക്ടറിൽ ഏർപ്പെടുത്തുന്നത് നടാടെയാണ്. കഴിഞ്ഞ കൊല്ലമാണ് പ്ലസ്ടുവിൽ സംവരണം ഏർപ്പെടുത്തിയത്. അതിനെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞു, എനിക്ക് അത് ഓഫ് ഹാൻഡായിട്ട് പറയാൻ കഴിയില്ല, കാരണം മാനേജ്മെന്റുകളുമായിട്ട് ബന്ധപ്പെട്ട കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുമായിട്ട് സംസാരിച്ച് ഒരു തീരുമാനം എടുക്കാതെ പ്രൈവറ്റ് സെക്ടറിലേക്ക് ഇതേ സംവരണം വ്യാപിപ്പിക്കാം എന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല. ഗവൺമെന്റ് ബന്ധപ്പെട്ട എല്ലാവരുമായി ചർച്ചചെയ്ത് നിവൃത്തിയുണ്ടെങ്കിൽ അത് ചെയ്യാം; അല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തുചെയ്യാൻ പറ്റുമെന്ന കാര്യം പരിശോധിച്ചിട്ട് പറയാം.

ശ്രീ. ലൂഡി ലൂയിസ്: സർ, ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിൽ ആ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യം ഉണ്ട്. കേരളത്തിൽ വിദ്യാഭ്യാസപരമായും, സാമ്പത്തികപരമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

സമുദായമാണ് കേരളത്തിലെ ആംഗ്ലോ ഇൻഡ്യൻ സമുദായം. ഈ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇപ്പോൾ യാതൊരുവിധ സംവരണവും ഇല്ല. ഇവർക്ക് സംവരണം കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. അതോടൊപ്പം കേരളത്തിലെ ആംഗ്ലോ ഇൻഡ്യൻ സമുദായങ്ങൾ നടത്തുന്ന ഏതെങ്കിലും വിദ്യാലയങ്ങളിൽ ഒരു എയിഡഡ് പ്ലസ്ടു അനുവദിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. സി. മുഹമ്മദ് ബഷീർ: സർ, സംവരണത്തിന് ഒരു മാനദണ്ഡമുണ്ട്. ഇപ്പോൾ നിലനിൽക്കുന്ന മാനദണ്ഡം എന്നു പറയുന്നത്, ഗവൺമെന്റ് സെക്ടറിൽ ഉള്ളത് ഓപ്പൺ മെറിറ്റ് 50 ശതമാനം, ഈഴവ 8 ശതമാനം, മുസ്ലീം 7 ശതമാനം, വത്തീൻ/ എസ്.ഐ.യു.സ്. 1 ശതമാനം, അദർ ബാക്ക്വേഡ് ക്രിസ്റ്റ്യൻ കമ്മ്യൂണിറ്റി 1 ശതമാനം, അദർ ബാക്ക്വേഡ് ഹിന്ദു കമ്മ്യൂണിറ്റി 3 ശതമാനം, ഷെഡ്യൂൾഡ് കാസ്റ്റ് 12 ശതമാനം, ഷെഡ്യൂൾഡ് ട്രൈബ് 8 ശതമാനം---ഈ വിധത്തിലാണ്. അതിൽ പുതിയ ഈ സംവരണ കംപോണന്റുകൂടി കൂട്ടിച്ചേർക്കുന്ന സമയത്ത് ചില ഡിസ്ലൊക്കേഷൻ ഉണ്ടാകും. അതുകൊണ്ട് ആ കാര്യം പരിശോധിച്ചതിനുശേഷമേ പറയാൻ സാധിക്കൂ. അതേസമയത്ത് ആംഗ്ലോ ഇൻഡ്യൻ കമ്മ്യൂണിറ്റിയുടെ ഒരു വിദ്യാഭ്യാസ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ എയിഡഡ് പ്ലസ്ടു അനുവദിക്കുന്ന സമയത്ത് ആംഗ്ലോ ഇൻഡ്യൻ കമ്മ്യൂണിറ്റിക്ക് പ്ലസ്ടു അനുവദിക്കുന്ന കാര്യം ഗവൺമെന്റ് തീരുമാനിച്ചായിട്ടും പരിഗണിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇവിടെ വ്യാപകമായി ഉയർന്നുവന്ന, ശ്രീ. കുട്ടപ്പൻ മുതൽ എല്ലാ മെമ്പർമാരും ഉന്നയിച്ച ഒരു കാര്യം വന്നിച്ച തോതിലുള്ള പണപ്പിരിവ് വാങ്ങലിനെ സംബന്ധിച്ചാണ്. പ്ലസ്ടു-വിനെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ഇത് നടക്കുന്നു. സർക്കാർ ശമ്പളം കൊടുക്കുകയും. ചെലവുകൾ വഹിക്കുകയും ചെയ്യുന്ന ഈ സ്ഥാപനത്തിൽ ഈ മാനേജ്മെന്റുകൾക്ക് അഞ്ചോ പത്തോ ശതമാനം കമ്മ്യൂണൽ മെരിറ്റ് അല്ലെങ്കിൽ കമ്മ്യൂണൽ കോട്ടാ കൊടുത്തുകഴിഞ്ഞാൽ ബാക്കിയുള്ള സീറ്റുകൾ, ഒരു കേന്ദ്ര അലോട്ട്മെന്റ് എന്നുള്ള നിലയിൽ ഓപ്ഷൻ വാങ്ങി ഒരു പഞ്ചായത്ത് എങ്കിലും എടുത്തുകൊണ്ട് ആ രീതിയിൽ ഒരു സംവിധാനം ഉണ്ടാക്കണം. ഞങ്ങളുടെയൊക്കെ പ്രദേശത്ത് അയ്യായിരം, ഏഴായിരം, പതിനായിരം രൂപവരെയാണ് പ്ലസ്ടു-വിന് സാധാരണ റേറ്റ്. സാധാരണക്കാരായ കുട്ടികൾ മാർക്ക് കുറഞ്ഞവരാണ്. പിന്നോക്ക വിഭാഗത്തിലും പട്ടികജാതിയിലും പെട്ട കുട്ടികൾക്ക് സ്വാഭാവികമായി മാർക്ക് കുറവാണ്. അപ്പോൾ അവർ മാനേജ്മെന്റ് കോട്ടയിൽ എങ്കിലും ചേരാം എന്ന് വിചാരിക്കും. അവർക്ക് യാതൊരു നിവൃത്തിയും ഇല്ലാത്ത രീതിയിലുള്ള സാഹചര്യമാണ്. അവർ ഞങ്ങളെയൊക്കെ സമീപിച്ചു ചോദിക്കുമ്പോൾ ഞങ്ങൾ വളരെ ബുദ്ധിമുട്ടുന്നു. എന്നോട്

LIBRARY ARCHIVES Kerala Legislative Assembly

ഒരു മാനേജർ വിളിച്ചു പറഞ്ഞു, ഞങ്ങളുടെ ബോർഡുകൂടി തീരുമാനിച്ചത് ഏഴായിരം രൂപയാണ് എന്ന്. അത്രയ്ക്കുവരെ എത്തി നമ്മുടെ രാജ്യത്ത് കാര്യങ്ങൾ. അതുകൊണ്ട് ഇതിന് ഒരു അറുതിയുണ്ടാക്കണം. ഒന്നുകിൽ സർക്കാർ ശമ്പളം കൊടുക്കുന്നത് നിർത്തണം, മാനേജർമാർ കാശ് വാങ്ങി നടത്തിക്കോട്ടെ, സർക്കാർ ശമ്പളവും ആനുകൂല്യവും കൊടുത്തതിനുശേഷം കൈക്കൂലി മേടിക്കാനുംകൂടി അവസരം കൊടുക്കുന്നത് നിർത്താനുള്ള ധീരമായ നടപടി അങ്ങ് സ്വീകരിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. ബാലകൃഷ്ണപിള്ള അദ്ദേഹത്തിന്റെ ചോദ്യത്തിനിടയിൽ പറഞ്ഞത് ഒരു പ്രായോഗികമായ നിർദ്ദേശമാണ്. ഞാൻ നേരത്തെ പറഞ്ഞതാണ്, ഇതിന് ശരിക്ക് അറുതി വരുത്തണമെങ്കിലുള്ള ഏക പരിഹാരമാർഗം എന്നു പറയുന്നത് സെൻട്രലൈസ്ഡായിട്ടുള്ള സെലക്ഷൻ നടത്തിയിട്ട് മെരിറ്റ് ക്വോട്ടയിലേക്ക് കൊടുക്കാൻ പറ്റുമോ എന്ന് നോക്കുകയാണ്. ബി.എഡ്.-ന്റെ കാര്യത്തിൽ എല്ലാ കൊല്ലവും ഉണ്ടായിരുന്ന പരാതി ഈ കൊല്ലം തീരുകയാണ്. കാരണം, നമ്മൾ സെൻട്രലൈസ്ഡായിട്ട് സെലക്ഷൻ നടത്തിയിട്ട് ആളുകൾക്ക് അഡ്മിഷൻ കൊടുക്കുകയാണ്. അതോടുകൂടി കേരളത്തിലെ മുഴുവൻ ബി.എഡ്. കോളേജിലും എന്തു സംഭവിച്ചു, ഈ മായംചേർക്കൽ നിന്നു. മെരിറ്റ് സീറ്റ് മെരിറ്റ് സീറ്റായി. ടി.ടി.സി. യുടെ കാര്യത്തിലും അതുപോലെതന്നെ. അതുപോലെ ഒരു സംവരണം ഇതിൽ കൊണ്ടുവന്നാൽ മെരിറ്റ് സീറ്റിലെങ്കിലും യാതൊരുവിധത്തിലുള്ള കൃത്രിമവും കാണിക്കാൻ സാധിക്കാതെവരും. അതുകൊണ്ടുതന്നെയാണ് ഞാൻ ആദ്യത്തെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ പറഞ്ഞത്, ഗവൺമെന്റ് ആ വശം ശരിക്ക് പരിശോധിക്കും, അത് തീർച്ചയായിട്ടും ഗവൺമെന്റ് നോക്കും.

ശ്രീ. എം. എം. ഹസ്സൻ: സർ, പ്ലസ് ടു സ്കൂളുകളിൽ കോഴ വാങ്ങുന്നതിനെക്കുറിച്ച് ഇവിടെ പല മെമ്പർമാരും പറഞ്ഞു, നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ കച്ചവടം നടക്കുന്നു എന്ന് മുറവിളി കൂട്ടി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരായി സമരം നടത്തുന്ന എസ്.എഫ്.ഐ.പോലുള്ള വിദ്യാർത്ഥി സംഘടനകൾപോലും ഇക്കാര്യത്തിൽ കണ്ണടയ്ക്കുകയും, നിശ്ശബ്ദത പാലിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് രാഷ്ട്രീയസമരത്തിലേ താൽപ്പര്യമുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഈവിടെ ബി.എഡ്. പോലുള്ള സെൻട്രലൈസ്ഡ് സംവിധാനം പ്ലസ്ടുവിന് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാം എന്നു പറഞ്ഞു, പക്ഷേ, ഈ വർഷം ഉണ്ടാകുന്ന അഡ്മിഷനെ സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കാൻ വിദ്യാഭ്യാസ വകുപ്പ് ഒരു പ്രത്യേക വിജിലൻസ് സംവിധാനം ഉണ്ടാക്കി ഇത്തരം പരാതി വരുന്ന സ്കൂളുകൾ പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. ഹസ്സന്റെ നിർദ്ദേശം സ്വാഗതാർഹമാണ്. കാരണം, ഈ കൊല്ലം അഡ്മിഷൻ കഴിഞ്ഞ സാഹചര്യത്തിൽ ഇതുപോലെ ലഭിക്കുന്ന പരാതികൾ പരിശോധിക്കാൻ മാത്രമായി ഒരു സെൽ ഏതാനും ദിവസങ്ങൾക്കുവേണ്ടി രൂപീകരിക്കുന്ന കാര്യം ആലോചിക്കാം. അങ്ങനെ പരാതികൾ കിട്ടുന്ന സ്കൂളുകൾ നേരിട്ടു പോയി പരിശോധിച്ച് അവർ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ബഹുമാനപ്പെട്ട പ്രസ്സൻ, എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തണം, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തണം എന്നു പറഞ്ഞുകൊണ്ട് ഈ അദ്ധ്യയനവർഷത്തിൽ എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ സമരം നടന്നത് അങ്ങേക്ക് അറിയില്ലായിരിക്കും. ഹസ്സന്റെ അറിവില്ലായ്മ തിരുത്തേണ്ടത് എന്നെപ്പോലുള്ള ജനപ്രതിനിധികളുടെ ബാധ്യതയാണ്. അങ്ങ് അതെല്ലാം തമസ്കരിക്കുകയായിരിക്കും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, സർക്കാർ മേഖലയിൽ 700 ഹയർ സെക്കന്ററി സ്കൂളും, എയിഡഡ് മേഖലയിൽ 500-ലധികം ഹയർ സെക്കന്ററി സ്കൂളും അൺ-എയിഡഡ് മേഖലയിൽ 300-ലധികം ഹയർ സെക്കന്ററി സ്കൂളും കേരളത്തിൽ ഉണ്ട്. സർക്കാർ എയിഡഡ് മേഖലയിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥിപ്രവേശനം മാത്രം എടുത്തു പരിശോധിച്ചാൽ എസ്.എസ്.എൽ.സി. പാസ്സാവുന്ന മഹാഭൂരിപക്ഷം പേർക്കും നൽകാൻ കഴിയുന്ന വിധത്തിൽ സീറ്റുകൾ നിലവിലുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത് 1972-ലെ ഡയറക്ട് പേമെന്റ് ഓഫ് എഗ്രിമെന്റനുസരിച്ച് കോളേജുകളിൽ നടപ്പിലാക്കിയതുപോലെ വിദ്യാർത്ഥി പ്രവേശനത്തിന് കഴിഞ്ഞ 30 വർഷമായി പ്രീഡിഗ്രിക്ക് ഉണ്ടായിരുന്ന ആ സംവരണതത്ത്വം സ്വാശ്രയ സ്കൂളുകൾ ഉൾപ്പെടെയുള്ള നമ്മുടെ കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്നതിന് ഒരു സർവ്വകക്ഷിയോഗം ഈ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് വിളിച്ചുകൂട്ടി ഒരു സമവായം ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ കാര്യത്തിൽ സമവായം ഉണ്ടാക്കാൻ സാധിക്കുകയാണെങ്കിൽ എത്രയോ നല്ലതാണ്. ശരിക്കു പറഞ്ഞാൽ ഗവൺമെന്റിൽ ഇന്നുള്ളതുപോലെയുള്ള സംവരണം പ്രൈവറ്റ് സെക്ടറിലേക്ക് കൊണ്ടുവരുന്ന കാര്യത്തെപ്പറ്റി വിശദമായ ചർച്ചയിലൂടെയല്ലാതെ പറയാൻ ഒക്കില്ല; ശ്രീ. എം. വി. ജയരാജനറിയാം അതിന്റെ റിയാക്ഷനെന്നു പറയുന്നത്. കേരളത്തിൽ ഇപ്പോൾ പ്രൈവറ്റ് സെക്ടറിലേക്ക് മുഴുവനും ഇത് വ്യാപിക്കുന്ന സമയത്ത് അദ്ദേഹം പറഞ്ഞതുപോലെ നമുക്ക് എല്ലാ കാര്യങ്ങളും ചർച്ചചെയ്ത് ഒരു സമവായം ഉണ്ടാക്കുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പറ്റും. അദ്ദേഹം നിർദ്ദേശിച്ചതുപോലെ ഈ കാര്യത്തിൽ എല്ലാവരുടേയും ഒരു യോഗം വിളിച്ചുകൂട്ടി അതിനുള്ള സാദ്ധ്യതകൾ ഗവൺമെന്റ് തീർച്ചയായിട്ടും ആരായുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പാലക്കാട് ജില്ല ഇന്ന് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നു. ആ പിന്നോക്കത്തിൽ പിന്നോക്ക പ്രദേശമാണ് കൊല്ലംകോട് നിയോജകമണ്ഡലം. അതിലെ നെല്ലിയാംപതി, അയിലൂർ, പല്ലശ്ശന ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ഇപ്പോഴും പ്ലസ് ടു-വിന് പഠിക്കാൻ സൗകര്യമില്ല. അങ്ങനെ പ്ലസ് ടു ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേകം പ്ലസ് ടു ക്ളാസ്സുകൾ നടത്താനുള്ള സംവിധാനം ഈ അദ്ധ്യയനവർഷത്തിൽ തന്നെ തുടങ്ങാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ഇതിൽ നേരത്തെ ശ്രീ. ജയരാജന്റെ ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ ഇവിടെ എസ്.എസ്.എൽ.സി. പാസായശേഷം പ്ലസ് ടു-വിന് പോകാനുള്ള ടോട്ടൽ സീറ്റിന്റെ കാര്യം നോക്കിയാൽ വൊക്കേഷണൽ ഹയർ സെക്കന്ററികൂടി നോക്കുമ്പോൾ ഇവിടെ സീറ്റ് അധികമാണ്. യഥാർത്ഥത്തിൽ സംഭവിച്ച കാര്യമെന്നുപറയുന്നത് പ്രാദേശികമായി വിതരണത്തിലുള്ള അശാസ്ത്രീയതയാണ്. ടോട്ടൽ സീറ്റ് എന്നു പറഞ്ഞാൽ ആകെ വേണ്ടത് രണ്ടു ലക്ഷത്തി എഴുപത്തിയേഴായിരത്തി നൂറ്റിമുപ്പത്തിയേഴ് സീറ്റാണ്. അതിൽ പ്ലസ് ടു-വിന് മാത്രം രണ്ടു ലക്ഷത്തി അൻപത്തിയേഴായിരത്തിയൻപത്, എന്നുപറഞ്ഞാൽ ഇരുപതിനായിരമേ കുറവുള്ളൂ. അതേസമയത്ത് വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ ഇരുപത്തിയയ്യായിരം സീറ്റ് വേറെയുണ്ട്. പോരാത്തതിന് ഏഴായിരത്തിയഞ്ഞൂറോളം സീറ്റ് ടി.ടി.ഐ.യിലുണ്ട്. അങ്ങനെ നോക്കുകയാണെങ്കിൽ മൊത്തം എസ്.എസ്.എൽ.സി. കുട്ടികൾക്ക് പഠിക്കാനുള്ള സീറ്റ് അവയ്ലബിൾ ആണ്. പക്ഷേ സംഭവിച്ച കാര്യമെന്നുപറയുന്നത് വിതരണത്തിൽ ചില ക്രമക്കേടുകൾ ഉണ്ടായിരുന്നു. കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകൾ ടോട്ടൽ പിന്നിലാണ്. അതേസമയത്ത് ഇതുപോലുള്ള ചില ഉള്ളിലോട്ടുള്ള പ്രദേശങ്ങൾ അഗളി, അട്ടപ്പാടി, വയനാട്ടിൽ മൊത്തം സീറ്റ് കൂടുതലുണ്ട്. പക്ഷേ ചില ഏരിയയിലില്ല. എന്ത് ചെയ്യാൻ പറ്റുമെന്ന് ഈ ഘട്ടത്തിൽ പറയാൻ ഒക്കില്ല. ഞങ്ങൾ ഇപ്പോൾ പിന്നോക്ക ജില്ലകളിൽനിന്നുള്ള അപേക്ഷ വിളിച്ചിട്ടുണ്ട്. രേഖാമൂലം വളരെ പിന്നോക്കം നിൽക്കുന്ന മൂന്ന് ജില്ലകളാണ് കണ്ണൂർ, കോഴിക്കോട്, മലപ്പുറം അവിടെനിന്ന് അപേക്ഷകൾ വിളിച്ചിട്ടുണ്ട്. ആ അപേക്ഷ വിളിച്ചിട്ട് ഇവിടെ ഗവൺമെന്റ് സെക്ടറിലും എയിഡഡ് സെക്ടറിലും കൊടുക്കാൻ പറ്റുമോയെന്നുള്ളത് ഗവൺമെന്റിന്റെ കൂടി ധനസ്ഥിതിയെ ആശ്രയിച്ചിരിക്കുന്ന കാര്യമാണ്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വളരെ റിമോട്ട് ആയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിൽ കൊടുക്കാൻ കഴിയുമെങ്കിലും സ്ഥാപനങ്ങൾ അനുവദിക്കുകയാണെങ്കിൽ ആ കാര്യംകൂടി പരിശോധിക്കാം.

മി. സ്പീക്കർ: ഒരു കാര്യംകൂടി. ഈ അനുവദിക്കുന്നതൊക്കെ കൊള്ളാം, ഇതൊക്കെയാണെങ്കിലും പഞ്ചായത്തുകളിൽ വച്ചാൽത്തന്നെ പല പല കാരണങ്ങൾകൊണ്ട് നഗരത്തിലേക്ക് വലിയ തിരക്ക് വരികയാണ്. ഇതിന് എന്തു ചെയ്യാൻ പറ്റും, പഞ്ചായത്തിലെ കുട്ടികൾക്ക് പഞ്ചായത്തിൽതന്നെ പഠിക്കാൻ പറ്റുമോ? നഗരത്തിൽ 8.5 പോയിന്റുകാർക്ക് വരെ അഡ്മിഷൻ കൊടുക്കാൻ പറ്റാത്ത സ്ഥിതിയാണ്. തൃശ്ശൂരിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ കോച്ചിംഗ് ഫെസിലിറ്റിയെന്നു പറഞ്ഞിട്ട് കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും വരികയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതായത് ഇതിലെ കാര്യം, ടോട്ടൽ സീറ്റ് കൂടുതലാണെങ്കിലും ഈ പറയുന്നതുപോലെ വിതരണം ചെയ്ത കാര്യത്തിൽ വ്യത്യാസമുണ്ട്. അതാണ് കഴിഞ്ഞ കാലത്ത് സംഭവിച്ചത്. അത് തിരുത്താത്ത കാലത്തോളം ഇതിൽ അസന്തുലിതാവസ്ഥ നിലനിൽക്കും. സീറ്റ് ഏറെയുണ്ടെന്ന് വിചാരിച്ചിട്ട് മലപ്പുറത്തുള്ള ഒരു കുട്ടിക്ക് ഇടുക്കിയിൽ പോകാൻ പറ്റുമോ? അപ്പോൾ ഭൂമിശാസ്ത്രപരമായ ഒരു ഘടന നോക്കാതെ കുറേ സ്കൂളുകൾ അങ്ങ് കൊടുത്തു എന്നുള്ളതാണ്. അതുകൊണ്ട് തിരുത്താൻ കഴിയേണ്ടതാണ്. പിന്നെ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ തൃശ്ശൂരിലെ പ്രശ്നമെന്നു പറയുന്നത് എല്ലാപേർക്കും തൃശ്ശൂരാണ് വേണ്ടത്. അവിടെ എൻട്രൻസിനുള്ള കോച്ചിംഗ് സൗകര്യങ്ങൾ കൂടുതലുള്ളതുകൊണ്ട് എല്ലാപേരും അങ്ങ് പോകുകയാണ്. ഏതായാലും കൊടുക്കുന്ന സമയത്ത് സ്കൂളുകൾ അനുവദിക്കുകയാണെങ്കിൽ തീർച്ചയായിട്ടും ഈ പ്രാദേശികമായിട്ടുള്ള അസന്തുലിതാവസ്ഥ പരിഹരിച്ചുകൊണ്ടുമാത്രമേ ഇനി അനുവദിക്കൂ.

ശ്രീ. സി. കെ. നാണു: സർ, ഇവിടത്തെ പ്രശ്നം ഈ എയിഡഡ് സ്കൂളുകളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് ഇന്ന് സംവരണം ലഭിക്കുന്നില്ല. താങ്കൾ വിദ്യാഭ്യാസ മന്ത്രിയായിരിക്കുന്ന അവസരത്തിൽ, സംസ്ഥാനത്തിലെ പിന്നോക്ക വിഭാഗത്തിന് അർഹമായ താൽപ്പര്യങ്ങൾ പല മേഖലകളിലും ലഭിക്കാത്തതിന്റെ ഫലമായി അത് ശരിയല്ല എന്ന് സത്യസന്ധമായി പറയുന്ന താങ്കൾ നമ്മുടെ സംസ്ഥാനത്തിൽ പിന്നോക്കവിഭാഗത്തിന് കഴിഞ്ഞ കാലത്ത് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ട സാഹചര്യത്തിൽ അത് പരിഹരിക്കാനുള്ള ഫലപ്രദമായ നടപടികൾ ചുരുങ്ങിയ മാസമെയുള്ളുവെങ്കിലും അതിനിടയ്ക്ക് നേതൃത്വം നൽകിക്കൊണ്ട് ഇത് നടപ്പിലാക്കാൻ, എന്തിനാണ് അല്ലെങ്കിൽ ഏത് വ്യക്തികളെയാണ് താങ്കൾ ഭയപ്പെടുന്നത്? അല്ലെങ്കിൽ ഭയപ്പെടുന്നു എന്ന് ഞാൻ പറയുന്നില്ല; ഏതു വിഭാഗത്തിൽ നിന്നാണ് ശക്തമായ എതിർപ്പ്

LIBRARY ARCHIVES Kerala Legislative Assembly

വരിക. കാരണം ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ഇതിനനുകൂലമായ ഒരു നിലപാട് പരസ്യമായി ഇവിടെ സൂചിപ്പിച്ച ഈ ഘട്ടത്തിൽ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭിക്കാൻ സാധ്യതയുള്ള ഈ ആനുകൂല്യം അനുവദിക്കാനുള്ള നേതൃത്വപരമായ പങ്ക് താങ്കൾ വഹിക്കേണ്ടതല്ലേ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എല്ലാപേരുമായിട്ട് ഒന്നു ചർച്ച നടത്തണം. ശ്രീ. നാണു തന്നെ ഈ സഭയിൽ വളരെ സീനിയറായിട്ടുള്ള ഒരു അംഗമാണ്. പല ഗവൺമെന്റുകൾ മാറി മാറി വന്നിട്ടുണ്ട്. പ്രൈവറ്റ് സെക്ടറിലേക്കുള്ള സംവരണത്തിൽ കാര്യമായിട്ട് പോകാൻ പറ്റിയില്ല. പ്ലസ് ടു-വിന്റെ കാര്യത്തിൽ നേരത്തെയുള്ള ഗവൺമെന്റിന് പറ്റിയില്ല. പിന്നെ യു.ഡി.എഫ്. ഗവൺമെന്റ് വന്നശേഷമാണ് ഗവൺമെന്റ് സ്കൂളുകളിലെങ്കിലും ഇത് ചെയ്തത്. അത് നോക്കി പരിശോധിച്ചിട്ട് നമുക്ക് മറ്റുള്ളിടത്തേക്ക് കൊണ്ടുവരണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത് ഞാൻ വളരെ വലിയ ഒരു പ്രതീക്ഷയിലാണ്. യു.പി.എ. ഗവൺമെന്റ് നല്ലചില തീരുമാനങ്ങൾ ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രഖ്യാപിച്ചു കഴിഞ്ഞിട്ടില്ല. അവർ ചെയ്യാൻ പോകുന്നുവെന്ന് CAB-ന്റെ റിപ്പോർട്ടൊക്കെ വായിച്ചപ്പോൾ എനിക്ക് വളരെ പ്രതീക്ഷകൾ വന്നിരിക്കുകയാണ്. എല്ലാപേർക്കും അത് അറിയാമായിരിക്കും. ഇവിടെ ദുർബ്ബല ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം അവർക്ക് ഈ സെക്ടറുകളിൽ ഈ പറയുന്നതുപോലെ പണം കൊടുത്തു കയറാൻ ഒക്കില്ല. ഞാൻ പത്രത്തിൽ വായിച്ചതുപ്രകാരം 14, 15 തീയതികളിൽ സി. എ. ബി.യുടെ യോഗം ചേരാൻ പോകുകയാണ്. അതിൽ ഈ പ്രൊപ്പോസൽ വരാൻ പോകുന്നു. ഇന്ന് സാമ്പത്തികമായിട്ട് പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഓരോ സ്ഥലത്തും അവർക്ക് എല്ലാ സ്കൂളുകളിലും ഇരുപത്തിയഞ്ചു ശതമാനത്തോളം സംവരണം അടക്കം വരുന്ന കാര്യം ചർച്ച ചെയ്യുന്നു എന്നാണ് പത്ര റിപ്പോർട്ട്. ഇങ്ങനെ ചില കാര്യങ്ങൾ വരികയാണെങ്കിൽ ഇൻഡ്യയിൽ തന്നെ ഈ രംഗത്ത് വലിയ മാറ്റമാണ് വരാൻ പോകുന്നത്. അപ്പോൾ അതുകൂടി നോക്കാം. അതുകൂടി നമ്മൾ വിചാരിച്ചതുപോലെ വരികയാണെങ്കിൽ അത് ശരിക്ക് പറഞ്ഞാൽ പിന്നോക്കം നിൽക്കുന്ന ആളുകൾക്ക്, സാമ്പത്തികമാകട്ടെ സാമുദായികമാകട്ടെ പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് വലിയ രക്ഷയായിരിക്കും. വലിയ പ്രതീക്ഷയോടെയാണ് യു.പി.എ. ഗവൺമെന്റിന്റെ ആ തീരുമാനം കാത്തിരിക്കുന്നത്.

ശ്രീ. ടി. പി. എം. സാഹിർ: സർ, ഗവൺമെന്റ് സ്കൂളുകളിൽ പി.ടി.എ.യും എയിഡഡ് സ്കൂളുകളിൽ എയിഡഡ് മാനേജുമെന്റും ഫോം വിതരണത്തിൽ പ്രത്യേക ഒരു എമൗണ്ട് ഫിക്സ് ചെയ്തുകൊണ്ടുള്ള കച്ചവടം ഇന്ന് വിദ്യാഭ്യാസ മേഖലയിൽ നടക്കുന്നു. അതുപോലെതന്നെ നല്ല ഗ്രൂപ്പ് കിട്ടാൻ മാർക്ക് വാങ്ങിയ കുട്ടികൾ, ഒരേ

LIBRARY ARCHIVES Kerala Legislative Assembly

മാർക്കിലുള്ള കുട്ടിയാണെങ്കിൽ അതിലും അവിടെ പി.ടി.എ.യോ അല്ലെങ്കിൽ അവിടെ മാനേജുമെന്റോ ഇടപെട്ട് ആരാണ് കൂടുതൽ പണം തരുന്നത്, അങ്ങനെ ഒരു വ്യവസ്ഥ നടക്കുന്നു. ഇത് പരിഹരിക്കാൻ അങ്ങ് ഈ വർഷം തന്നെ സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ നേരത്തെ പറഞ്ഞു, അതായത് പരാതികൾ ഇങ്ങനെ ലഭിച്ചിട്ടുള്ള കേസുകൾ പരിശോധിക്കാൻവേണ്ടി പ്രത്യേക സംവിധാനം ഉണ്ടാക്കും. അങ്ങനെ ഏതെങ്കിലും മാനേജുമെന്റ് കൃത്രിമം കാണിച്ചതായിട്ട് മനസ്സിലാക്കുകയാണെങ്കിൽ അവർക്ക് എതിരായിട്ട് നടപടി എടുക്കാം. മാത്രമല്ല ഇതിൽ ഒരു കാര്യമുണ്ട്, ശരിക്കുപറഞ്ഞാൽ ഇത് പ്രാദേശികമാണ്. ഞാൻ എം.എൽ.എ. മാരെ ചുമതലപ്പെടുത്തുകയല്ല. എം.എൽ.എ. മാർ കൂടി, പ്രാദേശികമായിട്ട് ഒരു സ്കൂളിൽ ഇങ്ങനെ ഒരു അനീതി നടക്കുകയാണെങ്കിൽ അത്തരമൊരു കാര്യത്തിൽ ജനാധിപത്യപരമായിട്ട് ചില സമീപനങ്ങൾ ഉയർന്നുവരണം. അങ്ങനെയാണെങ്കിൽ മാത്രമേ ഇത് കൺട്രോൾ ചെയ്യാൻ പറ്റൂ. അതില്ലാതെ നമുക്ക് ഇവിടെ നിന്നിട്ട് പരിശോധിച്ച് റിപ്പോർട്ട് നിങ്ങൾ തന്നാൽ എം.എൽ.എ.–മാരടക്കം .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങനെ സമരം നടത്തുന്നവരുടെ എല്ലാണ് ഒടിക്കുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സമരത്തിന്റെ വിഷയം വേറെ. ഞാൻ പറയുന്നത്, അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്യും. ആരും പറയാതെ ഞാൻ വിചാരിച്ച ഒരു കാര്യമാണ് ചിലയിടത്ത് പ്രത്യേകമായിട്ടുള്ള മിന്നൽ പരിശോധന നടത്തി അവിടെ നടന്ന അഡ്മിഷൻ ഞങ്ങൾ നോക്കുകയാണ്. ഇവിടെ നിന്ന് ഓഫീസേഴ്സ് പോയി, ഡി. ഡി. ലെവലിലോ, സെൻട്രലൈസ്ഡ് ആയിട്ടുള്ള ഒരു സ്ക്വാഡോ വച്ചുകൊണ്ട് അഡ്മിഷനിൽ ക്രമക്കേട് നടന്നിട്ടുണ്ടോ എന്നകാര്യം ശരിക്കും പരിശോധിക്കും. വ്യക്തമായ ഒരു പരാതി കിട്ടിയാൽ അവരുടെ പേരിൽ മാതൃകാപരമായിട്ടുള്ള ചില നടപടിയും എടുക്കണം. അക്കാര്യത്തിൽ ഗവൺമെന്റിന് ആഗ്രഹമുണ്ട്. എം.എൽ.എ.മാരോ ഇനി ആരെങ്കിലും ഇന്ന മാതിരി ചെയ്തുവെന്ന് പരാതി തരികയാണെങ്കിൽ തീർച്ചയായിട്ടും ആ കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിച്ച് നടപടി എടുക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പ്രധാനപ്പെട്ട ഒരു ചോദ്യവും അങ്ങയുടെ മറുപടിയും ശ്രദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്. എന്തായാലും എയിഡഡ് സ്കൂളുകളിൽ ഇപ്പോൾ പിന്നോക്ക വിദ്യാർത്ഥികൾക്ക് സംവരണമില്ല. ഇത് വിദ്യാർത്ഥികളുടെ പ്രശ്നത്തിൽ മാത്രമല്ല അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും നിയമനത്തിലും ഇല്ല. അപ്പോൾ ഒരു വലിയ മേഖലയിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾക്കും അതുപോലെ ഉദ്യോഗാർത്ഥികൾക്കും അവർക്ക് അർഹതപ്പെട്ടത് കിട്ടുന്നില്ല എന്ന് അങ്ങ് ഇവിടെ സമ്മതിച്ചു. അതുകൊണ്ട് ചർച്ച ചെയ്തു പരിഹരിക്കാൻ, ആ പരിഹാരത്തിന് ഏതു തരത്തിലും ഞങ്ങൾ സഹകരിക്കാൻ തയ്യാറാണ്. അത് വേഗത്തിലാകട്ടെ. ഇപ്പോൾ ഇവിടെ പ്രവേശനത്തിന്റെ കാര്യത്തിൽ, അങ്ങ് ഇവിടെ കണക്ക് പറഞ്ഞു, ഇതിൽ കോഴ്സുകൾ അനുവദിച്ചതിന്റെയൊക്കെ പ്രശ്നങ്ങളാണ്. ബഹുമാനപ്പെട്ട സ്പീക്കറും പറഞ്ഞു, ഞാൻ തൃശ്ശൂരുമായി ബന്ധപ്പെട്ട കാര്യമാണ് ചോദിക്കുന്നത്. ഇതിന് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കണം, ഇപ്പോൾ സ്കൂൾ തുറന്നില്ലേ, എ+ കിട്ടിയ കുട്ടികൾക്കുപോലും മെറിറ്റിൽ പ്രവേശനം നേടാൻ കഴിയാതിരിക്കുകയും ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ സൂചിപ്പിച്ചതുപോലെ മാനേജുമെന്റ് സീറ്റിൽ ഉയർന്ന സംഭാവന കൊടുക്കാൻ കഴിയാതെ വരുമ്പോൾ ഒത്തിരി നല്ല മാർക്കുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ടുപോകും. ഈ സാഹചര്യത്തിൽ കഴിഞ്ഞവർഷം അന്നത്തെ മുഖ്യമന്ത്രി തന്നെ ഇടപെട്ട് 10 സീറ്റ് കൂട്ടാമെന്നും, ഗവൺമെന്റ് സ്കൂളുകൾക്ക് എല്ലാം പ്ലസ് ടു അനുവദിക്കുമെന്നും പറഞ്ഞു, ഇപ്പോൾ ഗവൺമെന്റിന്റെ ഒരു നിർദ്ദേശം വന്നിരിക്കുന്നത് കൂടുതലായി സീറ്റ് ഇത്തവണ വർദ്ധിപ്പിക്കേണ്ടതില്ല എന്നാണ്. അങ്ങനെ വരുമ്പോൾ വിദ്യാലയത്തിൽ നാൽപ്പത്, അൻപത് സീറ്റുകൾ കുറഞ്ഞുപോകും. വർദ്ധിപ്പിച്ച സീറ്റ്, ഈ വർഷവും ആ വർദ്ധനവ് തുടരാനുള്ള നിർദ്ദേശങ്ങൾ അങ്ങ് ഇന്നുതന്നെ കൊടുക്കുകയാണെങ്കിൽ നാളേയും മറ്റന്നാളുമൊക്കെ കുട്ടികൾക്ക് പ്രവേശനം കിട്ടും. നൂറ് കണക്കിന് വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള ഈ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കഴിഞ്ഞ കാലത്തേക്കാളും വ്യത്യസ്തമായ ഒരു സാഹചര്യമാണുള്ളത്. ഈ കൊല്ലം പ്ലസ്വൺ ക്ലാസുകളിൽ, അതെന്താണെന്നുവച്ചാൽ നമ്മൾ ഗ്രേഡിംഗ് ഏർപ്പെടുത്തി. ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന സമയത്ത് ഇഷ്ടംപോലെ സീറ്റ് വർദ്ധിപ്പിച്ചാൽ ക്ലാസ്മുറികളെ അത് ബാധിക്കും. കാരണം ആക്ടിവിറ്റീസാണ്. പലതും നമ്മൾ പ്രോജക്ടും അസൈൻമെന്റും തുടങ്ങിയ കാര്യങ്ങൾ വരുമ്പോൾ ക്ലാസ്മുറിയിൽ ഇപ്പോൾ ഒരു ബാച്ച് 50 എന്നത് വളരെ വലിയ തോതിൽ കൂട്ടിക്കഴിഞ്ഞാൽ നമ്മുടെ പഠനപ്രക്രിയയെ അത് ബാധിക്കുമെന്നുള്ളതുകൊണ്ടാണ് കാലേക്കൂട്ടി ഇങ്ങനെ ഒരു സമീപനമെടുക്കാൻ കാരണം. ഇതിൽ ചെയ്യാൻ പറ്റുന്ന ഒരു കാര്യം, നാളെ, 12-ാം തീയതി എസ്.എസ്.എൽ.സി. യുടെ സേ എക്സാമിനേഷന്റെ റിസൾട്ട് വരികയാണ്. ഏതാണ്ട് ഒരു ലക്ഷത്തി മുപ്പത്തിനാലായിരത്തോളം കുട്ടികൾ ഈ പ്രാവശ്യം സേ-യ്ക്ക് ഇരുന്നിട്ടുണ്ട്. സേ-യുടെ റിസൾട്ടിൽ യോഗ്യരാകുന്നവർക്കുകൂടി അപേക്ഷിക്കാൻ അവസരം ഉണ്ടാകുന്ന വിധത്തിൽ ഒരു മാർജിനൽ ഇൻക്രീസ് കൊടുക്കാൻ പറ്റുന്ന കാര്യം ഗവൺമെന്റ് സേ-യുടെ റിസൽട്ട് വന്നിട്ടു ചെയ്യാം. ഇതിന്റെ ഗുണം എന്താണെന്നുവച്ചാൽ അവർക്ക് ഈ കൊല്ലം അപേക്ഷിക്കാമല്ലോ. ആ

LIBRARY ARCHIVES Kerala Legislative Assembly

റിസൽട്ടുകൂടി വന്നശേഷം മാർജിനൽ ഇൻക്രീസ് കൊടുക്കുന്ന കാര്യം ആവശ്യമുള്ളിടത്ത് ചെയ്യാം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികളുടെ +2 പ്രവേശനവുമായി ബന്ധപ്പെടുത്തിയിട്ടുള്ള കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. നേരത്തെ ചോദിച്ചതിന്റെ കൂട്ടത്തിൽ പാലക്കാട് ജില്ലയിൽ സീറ്റ് കുറഞ്ഞതുമായി ബന്ധപ്പെട്ട ഒരു പ്രശ്നമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ 13 ഹൈസ്കൂളുകളുണ്ട്. അതിൽ ആറ് സ്കൂളുകളിൽ മാത്രമേ +2 ഉള്ളൂ. ഇപ്പോൾ 20 ശതമാനം സീറ്റുകൾ കുറഞ്ഞതിന്റെ ഭാഗമായിട്ടുള്ള പ്രതിസന്ധി വേറെയാണ്. അതോടൊപ്പം തന്നെ +2 പാരലൽ സംവിധാനം നിലവിലുണ്ട്. അത് ഈ വർഷവും തുടരുമോ? അതിന് വല്ല വിഘാതവുമുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഓപ്പൺ സ്കൂൾ മുഖേനയുള്ള രജിസ്ട്രേഷന് കുഴപ്പമില്ല. അതിനായി ഒരു പുതിയ തീരുമാനം എടുത്തിട്ടില്ല. അഡീഷണലായിട്ടുള്ള ചില ബാച്ചിന്റെ കാര്യം തീരുമാനിച്ചിട്ടില്ല, അത് ബുദ്ധിമുട്ടാണ്. ഇന്നത്തെ സാഹചര്യത്തിൽ അഡീഷണലായിട്ട് ബാച്ച് കൊടുക്കാൻ ഗവണ്മെന്റിന് കഴിയില്ല. ഞാൻ ആദ്യത്തെ ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ മാർജിനൽ ഇൻക്രീസ് കൊടുക്കുന്ന കാര്യത്തിൽ സേ പരീക്ഷയുടെ റിസൾട്ട് വന്ന ഉടനെതന്നെ ഗവണ്മെന്റ് ഒരു തീരുമാനം എടുക്കും.

ശ്രീ. ടി. എൻ. പ്രതാപൻ: കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളുടെ കണക്ക് എടുത്തപ്പോൾ +2, വി.എച്ച്.എസ്.സി. ഉൾപ്പെടെ വളരെ പുറകിലാണുള്ളത്. തൃശൂർ ജില്ലയിൽ മറ്റു ജില്ലകളിൽനിന്നും വിദ്യാർത്ഥികൾ വരുന്നതുകൊണ്ട് തൃശൂർ ജില്ലയിലെ നിലവിലുള്ള +2 വി.എച്ച്.എസ്.സി. സീറ്റുകളിൽ തൃശൂർ ജില്ലയിലുള്ള കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നില്ല. അതുകൊണ്ട് കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളെ പരിഗണിക്കുന്ന കൂട്ടത്തിൽ തൃശൂർ ജില്ലയിലെ എയ്ഡഡ്, ഗവണ്മെന്റ് സ്കൂളുകളിൽ പുതിയ +2, വി.എച്ച്.എസ്.സി. കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? ആ ജില്ലയ്ക്കു മാത്രമല്ല, അയൽ ജില്ലകൾക്കും സ്റ്റേറ്റിനുംകൂടി ഇന്ററസ്റ്റുള്ളതാണ് തൃശൂർ ജില്ലയുടെ കാര്യം. അതുകൊണ്ട് തൃശൂർ ജില്ലയുടെ കാര്യം പ്രത്യേകമായി പരിഗണിക്കുമോ?

ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ: വി.എച്ച്.എസ്.ഇ.-യുടെ കാര്യത്തിൽ അവസാന തീരുമാനം ആയിട്ടില്ല. +2 അനുവദിക്കുന്നത് സംബന്ധിച്ച്, അങ്ങനെ പറയാൻ കഴിയില്ല. കാരണം, ജില്ലാടിസ്ഥാനത്തിൽ മൊത്തം നോക്കുകയാണെങ്കിൽ ഉള്ള ഒരു ചിത്രം ആകില്ല ഒരു റീജിയന്റെ കാര്യം നോക്കുമ്പോൾ. അങ്ങനെ അനുവദിക്കാൻ കഴിയില്ല.

മി. സ്പീക്കർ: ആ റീജിയണിൽ വരുന്ന വിദ്യാർത്ഥികളുടെ തിരക്ക് കാരണം യഥാർത്ഥത്തിൽ തൃശൂർ ജില്ലയിലുള്ള കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതിൽ ഒരു തീരുമാനം എടുക്കാതെ ഒരു കമിറ്റ്മെന്റ് ഈ ഫ്ളോറിൽ പറയുന്നത് ശരിയല്ല. അക്കാര്യത്തിൽ വിശദമായ പഠനം നടത്താതെ പറയാൻ കഴിയില്ല.

ശ്രീ. എ. കെ. ബാലൻ: വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീത് ഉറപ്പു വരുത്തുന്നതിൽ ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റ് വളരെ പിന്നോട്ടു പോകുകയാണ്. ഇവിടെ 500 എയിഡഡ് +2-ഉം 300 സ്വാശ്രയ +2-ഉം ഉണ്ട്. ഇതിൽ ഒരു +2 സ്കൂൾ പോലും കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്കില്ല. അവരുടെ സ്ഥാപനങ്ങൾ അല്ലെങ്കിൽ സൊസൈറ്റികൾ നടത്തുന്ന ഏതെങ്കിലും സ്ഥാപനം കേരളത്തിലുണ്ടോ? ഇല്ലെങ്കിൽ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ? ഞാൻ ഇവിടെ പറയാൻ കാരണം, മറ്റ് സമുദായങ്ങൾക്ക് കൊടുക്കുന്നതുകൊണ്ടല്ല. ചില സമുദായങ്ങൾക്ക് സാമൂഹ്യനീതി ലഭിക്കുന്നില്ലെന്ന തോന്നലുണ്ടായാൽ ഇന്ന് അമർന്നു കത്തുന്ന രോഷം വല്ലാത്ത ഘട്ടത്തിൽ എത്തിക്കഴിഞ്ഞാൽ അത് ആളിക്കത്തും. അതിന് ഗവണ്മെന്റ് അവസരം കൊടുക്കരുതെന്നുള്ളതുകൊണ്ടാണ് ഈ ചോദ്യം ഞാൻ ചോദിക്കുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സാമൂഹ്യനീതിയുടെ പ്രശ്നം പറയുന്ന സമയത്ത്, രണ്ട് പ്രശ്നമുണ്ട്. ഗവണ്മെന്റ് സാമൂഹ്യ ബാദ്ധ്യതയിലേയ്ക്ക് പോകുന്നില്ല എന്നു മാത്രമല്ല, ഈ ഗവണ്മെന്റ് വന്നപ്പോൾ 285 സ്കൂളുകളിൽ +2 കൊടുത്തത് റിക്കോഡാണ്. മാത്രമല്ല, ശ്രീ. ടി.കെ. ബാലൻ ചൂണ്ടിക്കാണിച്ചതുപോലെ പട്ടികജാതി/പട്ടികവർഗ്ഗത്തിനുള്ള 20 ശതമാനം സംവരണം നിലവിൽ തുടരുന്നുമുണ്ട്. അത് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ശക്തമായ ചുവടുവയ്പാണ്. അദ്ദേഹം ചോദിച്ച കാര്യം, ഈ വിഭാഗത്തിന് പ്രത്യേകമായി സ്കൂൾ ഉണ്ടോ എന്നാണ്. പ്രത്യേമായി സ്കൂൾ അനുവദിക്കുന്ന സമയത്ത് അവരുടെ മാനേജുമെന്റ് ഒരു സ്കൂൾ ചോദിക്കുകയാണെങ്കിൽ നോക്കാം എന്നല്ലാതെ മറ്റു കാര്യങ്ങൾ ഗവണ്മെന്റിന് ചെയ്യാൻ കഴിയുമോ എന്നുള്ളത് ഗവണ്മെന്റ് സ്കൂളുകളിൽ അവർക്ക് 20 ശതമാനം സീറ്റുകൾ കൊടുത്തു എന്നുള്ളതാണ്. കൂടാതെ എസ്.സി./എസ്.ടി. കാർക്കുള്ള സംവരണം കണിശമായി പാലിക്കുന്നുമുണ്ട്. പരാതിയുണ്ടെങ്കിൽ അത് ഉറപ്പുവരുത്താനാവശ്യമായ നടപടി എടുക്കുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ: തൃശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിലെ വിദ്യാർത്ഥികൾക്ക് +2 -ന് സീറ്റ് ലഭിക്കുന്നില്ല എന്നുള്ളത് വസ്തുതയാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കണ്ണൂർ പോലെയുള്ള സ്ഥലങ്ങളെ അവഗണിച്ചു എന്നുള്ളത് വസ്തുതയാണ്. എന്നാൽ അവിടങ്ങളിലൊക്കെ വിദ്യാർത്ഥികൾ +2 സീറ്റിന് നെട്ടോട്ടം ഓടുകയാണ്. അതാണ് കോഴയ്ക്ക് സഹായകരമാകുന്നത്. ഇത് പരിഹരിക്കുന്നതിന്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹൈസ്കൂളിന്റെ കാര്യത്തിൽ, ഒരു പഞ്ചായത്തിന് ഒരു ഹൈസ്കൂൾ എന്ന തത്വം +2-ന്റെ കാര്യത്തിലും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായാൽ ഒരു പരിധിവരെ എല്ലാ പേർക്കും അഡ്മിഷൻ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകും. അതോടൊപ്പംതന്നെ കോഴ കൂറയ്ക്കുന്നതിന് അവസരം ഉണ്ടാകുകയും ചെയ്യും. മാത്രമല്ല +2-ന്റെ കോഴയെ കുറിച്ചാണ് എല്ലാപേരും അമർഷം പ്രകടിപ്പിച്ചത്. +2-ന് മാത്രമല്ല മിക്കവാറും കോളേജുകളിൽ വളരെ മോശമായ രീതിയിൽ കോഴ്സിനുവേണ്ടി വിദ്യാർത്ഥികളുടെ ഇടയിൽ ലേലം വിളി നടക്കുകയാണ്. അതുകൊണ്ട് പലർക്കും കോളേജുകളിൽ അഡ്മിഷൻ കിട്ടാത്ത സ്ഥിതിവിശേഷമുണ്ട്. ഇക്കാര്യം ഗൗരവമായി പരിഗണിക്കുന്നതോടൊപ്പം തന്നെ ഇത് നിയന്ത്രിക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും +2 ആരംഭിക്കുന്നതിനാവശ്യമായ നടപടി ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്തിടത്തെല്ലാം അനുവദിക്കാൻ കഴിയില്ല. അതിന്റെ കണക്ക് ശ്രീ. പി. കെ. കെ. ബാവയ്ക്കുതന്നെ അറിയാമായിരിക്കും. കേരളത്തിൽ 290 പഞ്ചായത്തുകളിൽ +2 ഇല്ല. വി.എച്ച്.എസ്.സി. ചിലയിടത്തെല്ലാമുണ്ട്. ഇന്നത്തെ ഗവണ്മെന്റിന്റെ സാമ്പത്തിക സാഹചര്യം വച്ചുകൊണ്ട് ഇല്ലാത്ത എല്ലാ സ്ഥലത്തും കൊടുക്കാൻ പറയാൻ കഴിയില്ല. അൺ എയിഡഡ് കുറേ നോക്കി. ബാക്ക്വേഡ് ജില്ലകളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായി അപേക്ഷ ക്ഷണിച്ചിരുന്നു. ജൂലൈ നാലിനാണ് നോട്ടിഫിക്കേഷൻ ഇറക്കിയത്. ഏഴിന് നൽകണം എന്ന് പറഞ്ഞിരുന്നു. കുറേ അപേക്ഷകൾ കിട്ടി. ഞങ്ങൾ അത് നോക്കി. പരമാവധി സീറ്റില്ലാത്ത പിന്നോക്ക ജില്ലകളിലെ ഗവണ്മെന്റ് സ്കൂളുകൾക്ക് കൊടുക്കാൻ കഴിയാത്തിടത്ത് പ്രൈവറ്റ് സ്കൂളുകൾക്ക് കൊടുക്കാൻ കഴിയുമോയെന്നും എത്ര അപേക്ഷ കിട്ടിയിട്ടുണ്ട് എന്നതും കൂടി പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: പിന്നോക്കം നിൽക്കുന്ന മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളെക്കുറിച്ച് പറഞ്ഞു. ഇടുക്കി പോലെയുള്ള ജില്ലകളിലാണ് ഏറ്റവും കൂടുതൽ റിമോട്ട് ഏരിയ ഉള്ളത്. അവിടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ മാത്രമല്ല, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന റിമോട്ട് ഏരിയയാണ്. പതിനഞ്ച് ഇരുപതു കിലോമീറ്ററിനുള്ളിൽ +2 ഇല്ലാത്ത സ്ഥലങ്ങളുണ്ട്. അക്കാര്യം ഞാൻതന്നെ നേരിട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അങ്ങ് അതുകൂടി പരിഗണിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എല്ലാപേർക്കും എല്ലാപേരുടേയും കാര്യം വലുതാണ്. സ്ഥിതിവിവരക്കണക്കുകൾ പറഞ്ഞ് ഞാൻ അങ്ങയെ വിഷമിപ്പിക്കുന്നില്ല. ഇടുക്കി ജില്ലയിലെ ഇപ്പോഴത്തെ കണക്കു പ്രകാരം ടോട്ടൽ എസ്.എസ്.എൽ.സി.-യിൽ യോഗ്യത നേടിയ, സീറ്റുകളുടെ എണ്ണം നോക്കുകയാണെങ്കിൽ 2175 സീറ്റുകൾ

പ്ലസാണ്. അതാണെങ്കിലും ഇടുക്കി ജില്ലയുടെ ഭൂമിശാസ്ത്രപരമായ ഘടന എടുത്തു നോക്കുന്ന സമയത്ത് ചിലയിടത്തെ സ്കൂളുകളിലേക്ക് ഇത്രയും ദൂരം പോകേണ്ട അവസ്ഥ ഇപ്പോഴുമുണ്ട്. സ്കൂളുകൾ പുതിയതായി അനുവദിക്കുകയാണെങ്കിൽ അക്കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. എ. കെ. മണി: കേരളം സാക്ഷരതയിൽ ഒന്നാമതാണെന്ന അവകാശം അഭിനന്ദനീയമാണ്. എന്നാൽ ഇത് കിട്ടാത്ത ഒരു വിഭാഗം ആൾക്കാർ ഇവിടെയുണ്ട്. ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിലെ തമിഴ് സ്കൂളുകളാണവ. ഇപ്പോഴും എസ്.എസ്.എൽ.സി. കഴിഞ്ഞാൽ അവിടെ മതിയായ സ്കൂളുകളില്ല. +2-ന് പോകാൻ അവർ വലയുകയാണ്. ഇത് പ്രത്യേകമായി കണക്കിലെടുത്ത് കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റ്സ് എന്നുള്ളതുകൂടി മനസ്സിലാക്കിക്കൊണ്ട് ഭാഷാ ന്യൂനപക്ഷ ജനങ്ങളുടെ പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ +2 കോഴ്സിന് സംവരണതത്വം തമിഴ് വിഭാഗക്കാർ മാത്രമല്ല 90 ശതമാനവും അവിടെ പട്ടികജാതിക്കാരാണ്. ഇത്തരം സ്കൂളുകൾ അനുവദിക്കാൻ ഈ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ശ്രീ. എ. കെ. മണിയുടെ കൂടെ അവിടെ പോയിട്ട് അവിടത്തെ ശോചനീയാവസ്ഥ കണ്ടിട്ട് അവിടെ സ്കൂൾ അനുവദിക്കാമെന്ന് ഞാൻ വാക്കു കൊടുത്തിരുന്നു. സ്കൂൾ അനുവദിക്കുന്ന സമയത്ത് തമിഴ്-പിന്നോക്ക-പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് പരിഗണന കൊടുക്കേണ്ടതെന്ന് ഞാൻ തന്നെ വാക്കു പറഞ്ഞതാണ്. അത് പ്രാവർത്തികമാക്കാനാവശ്യമായ നടപടി എടുക്കുകയും ചെയ്യാം.

ശ്രീ. മഞ്ഞളാംകുഴി അലി: എയിഡഡ് സ്കൂളുകളിലെ +2 പ്രവേശനത്തിന് അഡ്മിഷൻ കമ്മിറ്റി രൂപീകരിക്കണമെന്നാണ് കേരള ഗവണ്മെന്റിന്റെ ഒഫിഷ്യൽ വെബ്സൈറ്റിൽ കാണുന്നത്. ഈ കമ്മിറ്റിയിൽ സ്കൂളിലെ പ്രിൻസിപ്പാളും രണ്ട് സീനിയർമോസ്റ്റ് ടീച്ചേഴ്സും അംഗങ്ങളായിരിക്കണം. പക്ഷേ, പല സ്കൂളുകളിലും ഇത് നടപ്പിലാക്കുന്നില്ല. മാനേജർമാർക്ക് തോന്നിയ രീതിയിലാണ് കമ്മിറ്റി. ഉദാഹരണത്തിന് എന്റെ നാട്ടിലെ ചെറുകുളമ്പ് ഐ.കെ.ടി.എച്ച്.എസ്.എസ്.-ൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ ഡയറക്ടർക്ക് പരാതി ബോധിപ്പിച്ചിട്ടുപോലും ഒരു നടപടിയും എടുത്തില്ല. പരാതി ബോധിപ്പിച്ചവരെ സ്റ്റൂളെടുത്ത് അടിക്കാൻ ചെന്നു. ഇതുപോലെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എന്ത് നടപടിയാണ് വിദ്യാഭ്യാസ വകുപ്പ് എടുക്കാൻ പോകുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞപോലെ പരാതി ലഭിച്ചോ എന്ന് നോക്കാം. നോക്കിയിട്ട് അക്കാര്യത്തിൽ ആക്ഷനെടുക്കാം. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയതിന് നന്ദി. കമ്മിറ്റി വച്ചത് എന്നുപറയുന്നത്, ഗ്രേഡിംഗ് വന്നതിനുശേഷമുള്ള അഡ്മിഷൻ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് ചെയ്തിട്ടുള്ളത്. സോഫ്റ്റ്വെയർ ഉപയോഗിച്ച് ചെയ്യുന്നതുകൊണ്ട് ഒരുപാട്

LIBRARY ARCHIVES Kerala Legislative Assembly

ആശങ്കകളുണ്ടായിരുന്നു. ഗ്രേഡിംഗ് സമ്പ്രദായമായതുകൊണ്ട് അഡ്മിഷനൊക്കെ വലിയ പ്രശ്നമാകുമെന്നൊക്കെ പ്രതീക്ഷയുണ്ടായിരുന്നു. എല്ലാം കറക്റ്റായിട്ട് നടന്നു. അതിൽ എന്തെങ്കിലും പരാതി വരികയാണെങ്കിൽ പരിശോധിക്കാനാണ് ഈ കമ്മിറ്റി വച്ചിരുന്നത്. കാര്യമായ പരാതിയൊന്നും കിട്ടിയിട്ടില്ല. എങ്കിൽപ്പോലും അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങൾ തീർച്ചയായിട്ടും നോക്കാം. ഈ സ്കൂളിന്റെ കാര്യത്തിൽ പ്രത്യേക പരാതി എന്താണെന്ന് നോക്കാം. അതിനാവശ്യമായ നടപടിയെടുക്കുകയും ബഹുമാനപ്പെട്ട എം.എൽ.എ.-യെ വിവരം അറിയിക്കുകയും ചെയ്യാം.

ശ്രീ. റോഷി അഗസ്റ്റിൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ മറുപടിയിൽ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് മുഴുവൻ പഠിക്കാനുള്ള നമ്പർ ഇന്ന് നിലവിൽ സംസ്ഥാനത്ത് ഉണ്ടെന്നാണ് അറിയിച്ചത്. പക്ഷേ വിതരണത്തിലുണ്ടായ അശാസ്ത്രീയത മുഖേന അതിന് സാദ്ധ്യമാകുന്നില്ല എന്നും പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇവിടെ വയനാട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ പോരായ്മകൾ പറഞ്ഞത് വളരെ ശരി തന്നെ. ശ്രീ. ജയചന്ദ്രനും ശ്രീ. മണിയും ഇടുക്കിയുടെ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. 2175 സീറ്റാണ് ഇടുക്കിയിൽ എക്സസ്സായിട്ടുള്ളത്. ശ്രീ. ജയചന്ദ്രന്റെ മണ്ഡലത്തിലാണെങ്കിലും, ശ്രീ. മണിയുടെ മണ്ഡലത്തിലാണെങ്കിലും, ശ്രീ. പി. ടി. തോമസിന്റെ മണ്ഡലത്തിലാണെങ്കിലും ശ്രീ. അഗസ്തിയുടെ മണ്ഡലത്തിലാണെങ്കിലും എന്റെ മണ്ഡലത്തിലാണെങ്കിലും അതാത് മണ്ഡലത്തിൽപ്പെട്ട കുട്ടികൾക്കല്ലാതെ മറ്റൊരിടത്ത് പോയി പഠിക്കാൻ പറ്റിയ ഭൂമിശാസ്ത്രപരമായ സാഹചര്യമല്ല ഇടുക്കിയിലുള്ളത്. അതൊരു പിന്നോക്ക മേഖലയാണ്. എസ്.സി./എസ്.റ്റി. സ്റ്റുഡന്റ്സ് ധാരാളമുണ്ട്. ഈ സാഹചര്യം വിലയിരുത്തി എന്തൊക്കെ മാനദണ്ഡങ്ങളുണ്ടെങ്കിലും ഇപ്പോൾ അൺ-എയിഡഡ് സ്കൂളുണ്ട്. ഞാൻ പറഞ്ഞത്, അവിടെ ഏറ്റവും കൂടുതൽ ട്രൈബ്സുള്ള സ്ഥലമാണ്. അൺ-എയിഡഡ് ആയിട്ടുള്ളതെങ്കിലും എയിഡഡ് ആക്കി തന്നാൽ കൊള്ളാം. അതുപോലെ കട്ടപ്പനയിൽ ട്രൈബൽ ഗവൺമെന്റ് ഹൈസ്കൂളുണ്ട്. ആ ഹൈസ്കൂളിലെങ്കിലും പ്ലസ് ടു അനുവദിച്ചാൽ ഈ ദൂരപരിധിയിലുള്ള കുട്ടികൾക്ക് വന്നുപഠിക്കാനുള്ള സൗകര്യമുണ്ടാകും. എക്സസ്സായി വന്നിരിക്കുന്ന സീറ്റുകൾ എവിടെയാണെന്ന് കണ്ടുപിടിച്ച് ആവശ്യമില്ലെങ്കിൽ അത് ഒഴിവാക്കി കൊടുക്കണം. 2175 സീറ്റ് എവിടെയെങ്കിലും കൂടുതൽ ഉണ്ടെന്നുണ്ടെങ്കിൽ അത് ഇല്ലാത്ത സ്ഥലത്ത് കൊടുക്കണം. സാഹചര്യത്തിനൊത്ത് പഠിക്കാൻ കഴിയുന്ന കുട്ടികൾക്ക് പഠന സാഹചര്യം നിഷേധിക്കുന്നത് ശരിയാണോ? അവിടെ ബാച്ചിന് എണ്ണം തികയുന്നില്ലെങ്കിൽ ബാച്ചുകൾ കുറയ്ക്കാനുള്ള തീരുമാനമെടുക്കണം. പക്ഷേ കൂടുതൽ പഠിക്കാനുള്ള സൗകര്യങ്ങൾക്ക് അനുസൃതമായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി ഞങ്ങളുടെ നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞതൊന്നും എളുപ്പമുള്ള കാര്യമല്ല. ഒരിടത്ത് എക്സസ്സായത് മാറ്റാൻ കഴിയില്ല. ആരും സമ്മതിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.-യും നാട്ടുകാരും സമ്മതിക്കില്ല. പുതിയതായിട്ട് കൊടുക്കാനുള്ള സാമ്പത്തിക സാഹചര്യം ഇന്നില്ല. അതുകൊണ്ട് വ്യാപകമായിട്ട് കൊടുക്കാൻ സാധിക്കില്ല. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനമായ ബുദ്ധിമുട്ട് എന്നുപറയുന്നത്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് പ്ലസ് ടു അദ്ധ്യാപകൻമാർക്ക് ശമ്പളം കൊടുക്കാൻ ബാക്കിയായിരുന്നു. രണ്ട്, മൂന്ന് വർഷക്കാലം അവർക്ക് ശമ്പളം കൊടുക്കാൻ ബാക്കിയുണ്ടായിരുന്നതുകൊണ്ട് വളരെ വലിയ ബാദ്ധ്യത ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വന്നു. അതാണ് പ്രശ്നമുണ്ടായത്. ആ പ്രശ്നമില്ലായിരുന്നെങ്കിൽ നമുക്ക് കുറേയൊക്കെ ചെയ്യാമായിരുന്നു. അതിന്റെ ഫലമായി വന്ന വമ്പിച്ച തോതിലുള്ള സാമ്പത്തിക ബാദ്ധ്യത വലിയ പ്രശ്നമായി. അതിനുശേഷം ഈ ഗവൺമെന്റ് വന്ന സമയത്തായിരുന്നു ലാബ് അറ്റൻഡർമാരുടെ പ്രശ്നം. ആ പ്രശ്നം കൂടി പരിഹരിച്ചപ്പോഴേയ്ക്കും വേറെയൊരു 40 കോടി രൂപയുടെ ബാദ്ധ്യതയുമായി. സാമ്പത്തികമായ സാഹചര്യം മെച്ചപ്പെടുന്ന മുറയ്ക്കേ നമുക്ക് പുതിയതായിട്ട് എയിഡഡ് സ്കൂളുകൾ കൊടുക്കാൻ സാധിക്കൂ. അങ്ങനെ ചെയ്യുന്ന സമയത്ത് ഞാൻ നേരത്തെ പറഞ്ഞ പ്രാദേശികമായ അസന്തുലിതാവസ്ഥ നോക്കിയിട്ട് പരിഹാരമുണ്ടാക്കാം.

സ്കൂളുകൾക്ക് കമ്പ്യൂട്ടറും, അദ്ധ്യാപകരുടെ കമ്പ്യൂട്ടർ പരിശീലനവും

*2 [106] *ശ്രീ. കെ. ബി. ഗണേഷ് കുമാർ:*

„ *ഷിബു ബേബിജോൺ:*

„ *ടി. എം. ജേക്കബ്:*

„ *ജോണി നെല്ലൂർ:*

„ *ആർ. ബാലകൃഷ്ണപിള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) 10-ാം ക്ലാസ്സിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയ സാഹചര്യത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതയിൽ കമ്പ്യൂട്ടർ പരിജ്ഞാനംകൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിൽ ഉണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ,

(എ) ഹൈസ്കൂൾ ക്ളാസ്സുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയ സാഹചര്യത്തിൽ ഹൈസ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകുന്നതിനാണ് ഗവൺമെന്റ്